പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 635
07-1-2014-ലെ മറുപടിയ്ക്ക്

കാർഷിക ഇൻഷുറൻസ് പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ .കെ.കെ.നാരായണൻ | | ബഹു: ധനകാര്യ വകുപ്പു മന്ത്രി<br>ശ്രീ. കെ.എം. മാണി |
| (എ) | സംസ്ഥാനത്തെ എല്ലാ കൃഷിക്കാരെയും ഉൾപ്പെടുത്തിക്കൊണ്ട് അപകട ഇൻഷുറൻസും പെൻഷൻ ആനുകൂല്യങ്ങളും ഉൾപ്പെടുത്തി കാർഷിക ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | എല്ലാ കൃഷികളും, അപകട ഇൻഷുറൻസും പെൻഷൻ ആനുകൂല്യങ്ങളും ഉൾപ്പെടുത്തി ഒരു സമഗ്ര കാർഷിക ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. സ.ഉ (എം.എസ്) നം. 40/13/കൃഷി, തീയതി 01.3.2013 പ്രകാരം അബാക്കസ് ലീഗൽ ഗ്രൂപ്പ് ആന്റ് എൽ.എം.ബി ഇൻഷുറൻസ് ബ്രോക്കേഴ്സ് എന്ന ഏജൻസിയെ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിലേയ്ക്കായി നിയോഗിക്കുകയുണ്ടായി |
| (ബി) | പ്രസ്തുത ഇൻഷുറൻസ് പദ്ധതി എന്നു മുതൽ നിലവിൽ വന്നു; ഏത് ഇൻഷുറൻസ് കമ്പനി വഴിയാണ് ഇതു നടപ്പിലാക്കുന്നത്; എത്ര കൃഷിക്കാർ ഇതിനകം സ്കീമിൽ ചേരുകയുണ്ടായി; പ്രീമിയം ഇനത്തിൽ എന്തു തുക ഇതിനകം സർക്കാർ അടച്ചു; | ബാധകമല്ല |
| (സി) | ഇൻഷുറൻസ് പദ്ധതിയിൽ നിന്നും ഇതിനകം എത്ര കൃഷിക്കാർക്ക് ആനുകൂല്യങ്ങൾ ലഭിക്കുകയുണ്ടായി; മൊത്തം എന്തു തുകയുടെ ആനുകൂല്യം ലഭിക്കുകയുണ്ടായി; | ബാധകമല്ല |
| (ഡി) | സർക്കാരിന് നാളിതു വരെയുണ്ടായ പ്രസ്തുത ഇനത്തിലെ ചെലവെത്ര? | പ്രസ്തുത പദ്ധതിയ്ക്കായി നാളിതുവരെ ഖജനാവിൽ നിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ